**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **22-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ കെ ആൻസലൻ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഭരണഘടനയുടെ ഏഴാം പട്ടികയിലെ മുപ്പത്തിരണ്ടാം ഇനം സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന്മേലുള്ള അധികാരവും നിയന്ത്രണവും സംസ്ഥാന സർക്കാരിന് ഏല്പിച്ചുനൽകിയിട്ടുള്ള പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ഏകപക്ഷീയമായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്ത് സഹകാരികളുടെ ഇടയിൽ ഉയർത്തിയിട്ടുള്ള ആശങ്ക ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്തെ സഹകാരികളുടെ ഇടയിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. |
| (ബി) | നോട്ട് നിരോധനവേളയിൽ ഉൾപ്പെടെ സഹകരണ സംഘങ്ങൾക്കെതിരെ നിലപാട് സ്വീകരിച്ച കേന്ദ്രസർക്കാർ വീണ്ടും സഹകരണ സംഘങ്ങളെ ദുർബലപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെടരുതെന്ന് ആവശ്യപ്പെടുന്നതിന്റെ സാധ്യത പരിശോധനാ വിധേയമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്തെ സഹകാരികളുടെ ഇടയിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്. |
| (സി) | ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്ന സഹകരണ മേഖലയുടെ പ്രവർത്തനം കാർഷിക രംഗത്തോടൊപ്പം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ? | (സി) | ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിൽ നിന്നും സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം, കർഷക സേവന കേന്ദ്രം, പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം എന്നീ പദ്ധതികളിലായി കാർഷിക മേഖലയെ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ value added ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതാണ്. Kerala Bank ലൂടെ കർഷകർക്ക് അനുഗുണമായി loan പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ മേഖലയുടെ പ്രവർത്തനം കാർഷികരംഗത്തോടൊപ്പം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി അതാത് മേഖലകളിൽ പ്രാവീണ്യം ഉള്ള യുവസംരംഭകരെ ഉൾപ്പെടുത്തി 25 യുവജന സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സംഘത്തിൽ കാർഷികമേഖലയ്ക്ക് ഉൗന്നൽ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ